(ഡി) കേന്ദ്രസർക്കാർ ക്രമേണ ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് റേഷൻ വിതരണം നിറുത്താൻ ആലോചിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ഭക്ഷ്യവിതരണ രംഗം കാര്യക്ഷമമാക്കി, ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സുലഭമായി ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ഇ & എഫ്) സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു.

തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്നത് തടയാൻ നടപടി

17 (*165) ശ്രീ. കെ. എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പ, അച്ചൻകോവിൽ, നദികളിൽ നിന്നും തമിഴ്നാട് അനധികൃതമായി ജലം ചോർത്തുന്ന വിവരം വനം, ജലസേചനവകുപ്പുകൾ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) അനധികൃതമായി ജലം ചോർത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അനധികൃത ജലാപഹരണം എന്നാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതെന്ന് വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-സി) ഇല്ല. ഇത്തരം ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വനം, ജലസേചന ഉദ്യോഗസ്ഥർ നേരിട്ട് സ്ഥലപരിശോധന നടത്തിയെങ്കിലും ജലം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ മുൻകാലങ്ങളിൽ കുതിരകെട്ടിയിൽ നിന്നും 2. കി. മീ. വടക്ക് കിഴക്ക് മാറി ചുറ്റുവഴി എന്ന സ്ഥലത്ത് മൺകൂനയുണ്ടായി ചാല് കീറി തമിഴ്നാട്ടിലേക്ക് വെള്ളം കടത്താൻ ശ്രമം നടന്നെങ്കിലും വനംവകുപ്പ് ഈ ശ്രമം വിഫലമാക്കുകയായിരുന്നു. സംസ്ഥാനത്തെ ജലസമ്പത്ത് അനധികൃതമായി ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി തൃശൂർ ഇൻവെസ്റ്റിഗേഷൻ സ്ക്വാഡിംഗ് എൻജിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബേസിനുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർ വിജിലൻസ് ഓഫീസർമാരായി ഒരു സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ അംഗീകാരമില്ലാത്ത കോഴ്സുകൾ

18 (*166) ശ്രീ. ടി നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ബിരുദാനന്തര ബിരുദകോഴ്സുകൾ നടത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവ ഏതെല്ലാം ; എത്ര കുട്ടികൾ ഓരോ കോഴ്സിലും പഠിക്കുന്നു ;

(സി) അംഗീകാരമില്ലാത്ത കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യമുണ്ടോ ;

(ഡി) അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാൻ സർക്കാർ മെഡിക്കൽ കൗൺസിലിനെ സമീപിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ചില ബിരുദാനന്തര കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കേണ്ടതായുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇൻഡ്യൻമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യമില്ല.

(ഡി) അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

19 (*167) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനുവേണ്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് 'ലാമിനേറ്റഡ് കാർഡുകൾ നൽകാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly

To,

The Cheif Executive Officer, NORKA, Diamond Hills, Vellyambalam, Tvpm.
The Accountant General (A & E), (Audit), Kerala, Thiruvananthapuram.
The Finance Department (That Department may be requested to endorse a copy of the G.O. to the Accountant General, Kerala)
The G.A. (S.C.) Dept. (vide Item No. dated)
The Director, Public Relations Department
Stock File, Office Copy

Copy to

The Private Secretary to Cheif Minister.
The Private Secretary to Minister (Electricity & Co-operation)
The C.A. to Principal Secretary (NORKA)
The C.A. to Principal Secretary (Finance)
The C.A. to Secretary (NORKA)
The C.A. to Secretary, Finance (Exp.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[28-2-2001-ലെ നക്ഷത്ര ചിഹ്നമിട്ട 18 (*166)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ബിരുദാനന്തര ബിരുദ കോഴ്സുകൾ

മെഡിക്കൽ കോളേജ് തിരുവനന്തപുരം

	ബിരുദാനന്തര കോഴ്സ്	പഠിക്കുന്ന കുട്ടികളുടെ എണ്ണം
1.	എം. ഡി. മൈക്രോബയോളജി	2
2.	എം. ഡി. ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ	2
3.	എം. ഡി. സൈക്യാട്രി	1
4.	എം. ഡി. റേഡിയോതെറാപ്പി	2
5.	എം. എസ്സ്. ഇ. എൻ. റ്റി	1
6.	ഡി. സി. പി.	3
7.	ഡി. എം. ആർ. റ്റി	2
8.	ഡി. പി. എം. ആർ	4

മെഡിക്കൽ കോളേജ് കോട്ടയം

	ബിരുദാനന്തര കോഴ്സ്	പഠിക്കുന്ന കുട്ടികളുടെ എണ്ണം
1.	എം. ഡി. ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി	3
2.	എം. എസ്സ്. അനാട്ടമി	2
3.	ഡി. ജി. ഒ.	7

മെഡിക്കൽ കോളേജ് കോഴിക്കോട്

	ബിരുദാനന്തര കോഴ്സ്	പഠിക്കുന്ന കുട്ടികളുടെ എണ്ണം
1.	എം. ഡി. ഫാർമക്കോളജി	1
2.	എം. ഡി. പീഡിയാട്രിക്സ്	4
3.	എം. ഡി. സൈക്യാട്രി	2
4.	എം. ഡി. റേഡിയോ ഡയഗ്നോസിസ്	1
5.	എം. ഡി. കമ്മ്യൂണിറ്റി മെഡിസിൻ	2
6.	എം. ഡി. റ്റി. ബി. & ആർ. ഡി	2
7.	എം. എസ്സ്. അനാട്ടമി	2
8.	ഡി. സി. എച്ച്	9
9.	ഡി. വി. ഡി	2
10.	ഡി. എം. ആർ. ഡി	1
11.	ഡി. എം. ആർ. റ്റി.	2
12.	ഡി. പി. എം. ആർ	4
13.	ഡി. റ്റി. സി. ഡി.	3

LIBRARY ARCHIVES Kerala Legislative Assembly